## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.546 | | 27.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കടലും തീരപ്രദേശവും മാലിന്യ മുക്തമാക്കാൻ നടപടി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, കെ.എൻ.എ.ഖാദർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ തീരപ്രദേശങ്ങളും കടലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖര-ദ്രവ നിക്ഷേപത്താൽ മലിനപ്പെടുന്നത് തടയുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കടലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ കടലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അതാത് പോർട്ടുകളിൽ ഒരുക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകളിൽ സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയുക്തമാക്കുന്ന തരത്തിൽ ഹാർബർ എൻജിനീയറിങ് വകുപ്പ് "ശുചിത്വ സാഗരം" എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊല്ലം നീണ്ടകര മൽസ്യ ബന്ധന തുറമുഖത്ത് ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഹാർബർ എൻജിനീയറിങ് വകുപ്പിന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. തീരപ്രദേശത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ ശുചീകരണ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | തീരപ്രദേശത്ത് പ്രവർത്തിക്കുന്നതും കടലും കടൽത്തീരവും മലിനമാക്കുന്നതുമായ ഹോട്ടലുകൾക്കും സ്ഥാപനങ്ങൾക്കും മറ്റ് കച്ചവട കേന്ദ്രങ്ങൾക്കുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്; | (ബി) | മലിനീകരണത്തിന് കാരണമാകുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പൽ ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. ഇതനുസരിച്ചുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി വൻതോതിൽ ജൈവമാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹോട്ടലുകൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എല്ലാം തന്നെ ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമായ ഹരിതകർമ്മ സേന ശുദ്ധീകരിക്കാത്ത മലിനജലം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നില്ലായെന്നും എവിടെയും തളംകെട്ടി നിൽക്കുന്നില്ലായെന്നും പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകണമെന്നും 15.07.2017-ലെ സ.ഉ.(സാധാ)നം.2420/2017/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കടലിനെയും കടൽത്തീരത്തെയും മാലിന്യമുക്തമാക്കുന്നതിന് ഇത്തരം വ്യാപാര കേന്ദ്രങ്ങളുടെ കൂടി സഹകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വ്യാപാരകേന്ദ്രങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഖര - ദ്രവ മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഡി & ഒ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, മാളുകൾ, പഴം പച്ചക്കറി , മൽസ്യം മാംസം തുടങ്ങിയവ വിൽക്കുന്ന സ്ഥലങ്ങൾ, ആഹാരപദാർത്ഥങ്ങൾ വിളമ്പുന്ന മറ്റ് ഇടങ്ങൾ എന്നിവിടങ്ങളിൽ എല്ലാം തന്നെ സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയതിനു ശേഷം മാത്രമേ ഡി & ഒ ലൈസൻസ് പുതുക്കി നൽകാവൂ എന്നും പുതുതായി ആരംഭിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ പ്രസ്തുത സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കി വേണം ഡി & ഒ ലൈസൻസ് അനുവദിക്കേണ്ടത് എന്നും നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ യൂസർ ഫീ ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്കരണത്തിനായി കൈമാറണം എന്നും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ